"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കേശവപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ആയിരുന്ന ശ്രീമതി ഗ്രേസി വി ടി-യ്ക്ക് റീഫണ്ട് ചെയ്തു നൽകേണ്ട തുക 2211-00-101-96-00-34-03-N-C എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1503/2026/H&FWD തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-

1. ശ്രീമതി ഗ്രേസി വി ടി. സമർപ്പിച്ച 3/09/2018 തീയതിയിലെ അപേക്ഷ
2. സി 1/38/2019/ആ.ക.വ തീയതി 06/09/2021
3. O.A 2166/2022 നമ്പർ കേസിലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13/11/2024 തീയതിയിലെ അന്തിമ വിധിന്യായം.
4. C1/302/2022/H&FWD തീയതി 22-01-2025
5. RA-69/2024 നമ്പർ റിവ്യൂ പെറ്റീഷന്റെ 25/08/2025 തീയതിയിലെ ഉത്തരവ്.
6. ശ്രീമതി. ഗ്രേസി വി ടി സമർപ്പിച്ച 23.11.2024, 21/10/2025, 24.01.2026 തീയതിയിലെ അപേക്ഷകൾ
7. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 07/07/2023, 19/12/2023, 18/12/2024,05/02/2026 തീയതികളിലെ DHS/4984/2023-FWA5 നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കേശവപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ആയിരുന്ന ശ്രീമതി. ഗ്രേസി വി ടി. യ്ക്ക് 2009-ൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയപ്പോൾ രണ്ട് ഇൻക്രിമെൻറ് അധികമായി എഴുതിയത് മുഖാന്തിരം Pay-fixation ൽ തെറ്റ് വരികയും 2016-ൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ പ്രസ്തുത അപാകത കണ്ടുപിടിക്കുകയും ടി കാലയളവിൽ ടിയാൾക്ക് അധികമായി നൽകിയ 1,24,091/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി തൊണ്ണൂറ്റി ഒന്ന രൂപ മാത്രം) തിരിച്ചു പിടിക്കാൻ ഉത്തരവിടുകയും ആയതിൻ പ്രകാരം ശ്രീമതി ഗ്രേസി വി ടി.യിൽ നിന്നും 1,00,000/- (ഒരു ലക്ഷം രൂപ മാത്രം ) തിരിച്ചു പിടിക്കുകയും ചെയ്തു. എന്നാൽ ക്ലാസ്സ് III ജീവനക്കാരിൽ നിന്നും ഇങ്ങനെ അധികമായി നൽകിയ തുക തിരിച്ച് പിടിക്കരുത് എന്ന് ബഹു: സുപ്രീം കോടതിയുടെ ഉത്തരവുള്ളതിനാൽ തിരിച്ചു പിടിച്ച 1,00,000/- രൂപ തിരികെ ലഭിക്കുന്നതിനും ബാക്കി തിരിച്ചടയ്ക്കാനുള്ള Rs.24091/-(ഇരുപത്തി നാലായിരത്തി തൊണ്ണൂറ്റി ഒന്നു രൂപാ മാത്രം ) തിരിച്ച് പിടിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഗ്രേസി വി.ടി. പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ

സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീമതി ഗ്രേസി വി ടിയ്ക്ക് ശമ്പള നിർണയം നടത്തിയപ്പോൾ undertaking ടിയാനിൽ നിന്നും വാങ്ങി സേവനപുസ്തകത്തിൽ പതിപ്പിച്ചിട്ടുണ്ടെന്ന് മലപ്പുറം ജില്ലയിലെ വെട്ടം സാമൂഹികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ അറിയിച്ചതായി ആരോഗ്യ വകുപ്പ് ഡയറക്ടർ, റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും ടിയാൾ അധികമായി കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നത് White Washer" കേസിലെ വിധിന്യായത്തിന് വിരുദ്ധമല്ലാത്ത സാഹചര്യത്തിലും ബഹു. സുപ്രീം കോടതിയുടെ High Court of Punjab and Haryana Vs Jagdev Sigh (AIR 2015 SC 696) (Civil Appeal No.3005 of 2006) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അധികതുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന ശ്രീമതി ഗ്രേസി വി.ടി. യുടെ 03.09.2018 ലെ അപേക്ഷ പരാമർശം (2) പ്രകാരം നിരസിച്ചിരുന്നു.

3. സർക്കാരിൽ സമർപ്പിച്ച അപേക്ഷ നിരസിച്ചതിനെ തുടർന്ന് ശ്രീമതി ഗ്രേസി വി.ടി. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A 2166/2022 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. O.A 2166/2022 നമ്പർ കേസിലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 29.1.2009 മുതൽ 26.02.2011 വരെയുള്ള കാലയളവിൽ ശ്രീമതി ഗ്രേസി വി.ടി-യിൽ നിന്നും തിരിച്ചുപിടിച്ച തുക എത്രയും വേഗം തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് പരാമർശം(4) സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

4. O.A 2166/2022 നമ്പർ കേസിലെ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13/11/2024 തീയതിയിലെ ഉത്തരവിനെതിരെ ശ്രീമതി ഗ്രേസി വി.ടി RA-69/2024 നമ്പറായി റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യുകയും പ്രസ്തുത റിവ്യൂ പെറ്റിഷൻ 25/08/2025 തീയതിയിലെ ഉത്തരവ് പ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തള്ളുകയും ചെയ്തിട്ടുണ്ട്.

5. ശ്രീമതി ഗ്രേസി.വി.ടി-ക്ക് റീഫണ്ട് ചെയ്തു നൽകേണ്ട 29,421/(ഇരുപത്തി ഒൻപതിനായിരത്തി നാനൂറ്റി ഇരുപത്തി ഒന്ന് രൂപ) രൂപക്കുള്ള അലോട്ട്മെന്റ് 2211-00-101-96-00-01-01 ശീർഷകത്തിൽ അനുവദിക്കുന്നതിനും പ്രസ്തുത തുക മാറി നൽകുന്നതിന് ധനവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം(7) പ്രകാരം സർക്കാരിൽ ശിപാർശ ലഭ്യമാക്കിയിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഗ്രേസി.വി.ടി-ക്ക് റീഫണ്ട് ചെയ്തു നൽകേണ്ട Rs. 29,421/ (ഇരുപത്തി ഒൻപതിനായിരത്തി നാനൂറ്റി ഇരുപത്തി ഒന്ന് രൂപ) 2211-00-101-96-00-34-03-N-C എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം.(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യകേന്ദ്രം, കേശവപുരം, തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീമതി. ഗ്രേസി വി.റ്റി., മാട്ടേൽ വീട്, ത്രിവേണി ജംഗ്ഷൻ, പുനുക്കന്നൂർ, പെരുമ്പുഴ പി.ഒ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),കേരളം,തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത് -ബി) വകുപ്പ് (01-04-2026 തീയതിയിലെ 1146448/HLT-B2/43/2019-FIN.പ്രകാരം)
കരുതൽ ഫയൽ (C1/302/2022/H&FWD).

ഉത്തരവിൻ പ്രകാരം
Signed by
Rekha Johnson
Date: 24-04-2026 11:07:44
സെക്ഷൻ ഓഫീസർ